LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിനു കീഴിലുള്ള ഡയറക്ടറേറ്റുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി

79 (1453) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുത്തതിന്റെ അനുബന്ധമായി കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതിന്റെ പേരിൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് നേരിട്ട് ധനസഹായം ലഭിക്കുകയില്ല. എന്നാൽ സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ഇതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്. മലയാള ഗവേഷണ സ്ഥാപനം തുടങ്ങുക, ഗവേഷണ പ്രബന്ധങ്ങൾക്ക് ഫെല്ലോഷിപ്പ് നൽകുക, കേന്ദ്ര സർവ്വകലാശാലകളിൽ മലയാളത്തിനായി ചെയർ ആരംഭിക്കുക എന്നീ കാര്യങ്ങളാണ് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതുകൊണ്ടുള്ള ഭൗതിക നേട്ടങ്ങൾ. ഇക്കാര്യങ്ങൾ കാസർഗോഡുള്ള കേന്ദ്ര സർവ്വകലാശാലയാണ് നിർവ്വഹിക്കുന്നത്. ഇതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ ഈ സർവ്വകലാശാലയ്ക്കാണ് നൽകുക.

മലയാള ഭാഷയിൽ 100 ക്ലാസ്സിക് ഗ്രന്ഥങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. ഡി.ടി.പി.- മലയാള ഭാഷയെ സജ്ജമാക്കാനുള്ള ലാംഗ്വേജ് കംപ്യൂട്ടിങ് നടത്തുക, മൺമറഞ്ഞ ക്ലാസ്സിക് ഗ്രന്ഥങ്ങളെ പുനഃപ്രസിദ്ധീകരിക്കുക, മലയാളികളെ ഭാഷയുടെ പൈതൃകവും സംസ്കാരവും ബോധ്യപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതി വഴി ലക്ഷ്യമാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇന്ത്യയിലും വിദേശത്തും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ഭാഷാ വ്യാപനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

മലയാള ഭാഷാ വ്യാപനവും പരിപോഷണവും സംബന്ധിച്ച ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്.

അവശകലാകാരൻമാർക്ക് സഹായം

80 (1454) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാ-സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരും പ്രായാധിക്യവും രോഗങ്ങളുംമൂലം അവശതയനുഭവിക്കുന്നവരുമായ നിർദ്ധനരെ സഹായിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ; ഈ ഇനത്തിൽ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം രോഗികളായവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; ചേർത്തല താലൂക്കിൽ ഈ ഇനത്തിൽ സാമ്പത്തിക സഹായം ലഭിച്ച കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും ആരെല്ലാമാണെന്നും അവർക്ക് ലഭിച്ച തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

(സി) കലാരംഗത്ത് ദീർഘകാലം പ്രവർത്തിക്കുകയും ഗുരുതരമായ രോഗം ബാധിക്കുകയും ചെയ്തവർ ചികിത്സക്കും ജീവിതവൃത്തിയ്ക്കും വകയില്ലാതെ വിഷമിക്കുന്ന സാഹചര്യത്തിൽ ഇവരെ സഹായിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കലാസാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരും പ്രായാധിക്യവും രോഗങ്ങളുംമൂലം അവശതയനുഭവിക്കുന്നവരുമായ നിർദ്ധനരെ സഹായിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തരം കലാകാര പെൻഷൻ, അടിയന്തര ചികിത്സാ ധനസഹായം എന്നിവ നൽകുന്നുണ്ട്. അർഹരായ 3020 പേർക്ക് 750 രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം കലാകാര പെൻഷൻ ഇനത്തിൽ 2,66,85,000 രൂപയും അടിയന്തര ചികിത്സാ ധനസഹായ ഇനത്തിൽ 10,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly